Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര്	നിലവിലുള്ള ഭൂരഹിതർ	നിലവിലുള്ള ഭവന രഹിതർ
നെല്ലനാട്	125	2
പുല്ലമ്പാറ	57	16
വാമനപുരം	39	3
ആനാട്	154	0
നന്ദിയോട്	136	67
പനവൂർ	110	0
പാങ്ങോട്	156	49
പെരിങ്ങമ്മല	287	21
ആകെ	1156	163

പട്ടയം ലഭിച്ച ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ

345(4355) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് സംസ്ഥാനത്തെ എല്ലാ ജില്ലകൾക്കും ബാധകമാണോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ അനുഭവത്തിനുമാണ് പട്ടയം അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും ഇത് ഒരു പോലെ ബാധകമാണ്.

(ബി) ഇത്തരം ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോ; ഇത് എല്ലാ ജില്ലകൾക്കും ബാധകമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ, കെഡിഎച്ച്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ എട്ട് വില്ലേജുകൾ അടങ്ങുന്ന മൂന്നാർ പ്രദേശത്ത് കാർഷികാവശ്യങ്ങൾക്കായി പതിച്ചു കൊടുത്ത ഭൂമിയിൽ വ്യാപകമായ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെ യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് WP(C) 1801/2010 കേസിലെ 21-1-2010 ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചു. പ്രസ്തുത ഹൈക്കോടതി ഉത്തരവിനെ തുടർന്ന് 9-6-2016-ലെ ഇടുക്കി ജില്ലാ കളക്ടറുടെ സർക്കുലർ പ്രകാരം ഇടുക്കി ജില്ലയിലെ ടി എട്ട് വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട കേസിലെ സുപ്രീംകോടതിയുടെ വിധി എല്ലാ ജില്ലകളിലും നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രീമതി ലാലി ജോർജ്ജ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 17983/2019 നമ്പർ കേസിൽ ബഹു.ഹൈക്കോടതിയുടെ 25-6-2020-ലെ ഉത്തരവിൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകളിൽ ഭൂമി എന്താവശ്യത്തിനാണ് പതിച്ചു നൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിക്കുകയും ഇതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി തള്ളുകയും തുടർന്ന് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട് possession certificate-നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി, കേരള ലാൻഡ് അസ്സൈൻമെന്റ് ആക്ട് 1960 പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ/ അല്ലയോ എന്ന വിഷയം കൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ട പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരം കൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ possession certificate അനുവദിക്കുവാൻ പാടുള്ളുവെന്നും നിർദ്ദേശം നൽകി 2-12-2020-ൽ സ.ഉ(എം.എസ്).290/2020/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവ് എല്ലാ ജില്ലയിലും ബാധകമാണ്.